**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **31-08-2022 - ൽ മറുപടിയ്ക്ക്**

**കർഷകക്ഷേമം ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കർഷകർക്ക് വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉന്നമനത്തിനും അതിനോടൊപ്പം കർഷകരുടെ വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കാർഷിക വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജന വിളകൾ, പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിള വിസ്തൃതി വർദ്ധനവും വികസനവും എന്ന സമീപനത്തിൽ ഉൾപ്പെടുത്തി 252.12 കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br><br>കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന പദ്ധതികൾ ഈ വർഷം മുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഒരോ കർഷകന്റെയും കൃഷിയിടം മണ്ണ്, ജലം, മൂലധനം, മറ്റ് വിഭവസ്രോതസ്സുകൾ, സംയോജിപ്പിക്കാവുന്ന സംരംഭങ്ങൾ, ജൈവ പുന:ചംക്രമണം (Bio- recycling) ഉൽപന്ന വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവും ഉൾപ്പെടെ സാധ്യമായ എല്ലാ ഘടകങ്ങളേയും യോജിപ്പിച്ച് പരമാവധി ഉൽപ്പാദനം സാധ്യമാക്കുന്ന തരത്തിൽ ഒരു ആസൂത്രണ രേഖ സൃഷ്ടിച്ചെടുത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | കാർഷിക മേഖലയിൽ വർധിച്ചു വരുന്ന കൂലിച്ചെലവ് ലഘൂകരിക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനുമായി കാർഷിക യന്ത്രവത്കരണ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>നഷ്ട സാധ്യത ലഘൂകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും കർഷകർക്ക് തങ്ങളുടെ വിളയിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉറപ്പു വരുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനും ഈ പദ്ധതി സഹായകരമാകുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനും കീടരോഗനിയന്ത്രണത്തിനുമുള്ള അടിയന്തിര നടപടി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.<br><br>കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന പുതിയ പദ്ധതിയാണ് കർഷകക്ഷേമനിധി ബോർഡ്. ക്ഷേമനിധി പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടായാൽ നഷ്ടപരിഹാരം, കർഷക പെൻഷൻ എന്നിവയും കർഷക ക്ഷേമം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ